**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5649** **13-08-2021 - ൽ മറുപടിയ്ക്ക്**

**സ്വീവറേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ലക്ഷ്യംവെച്ച് ആരംഭിച്ചിട്ടുള്ള സ്വിവറേജ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന സ്വിവറേജ് പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | അമൃത് പദ്ധതിയിൽ കേരള ജല അതോറിറ്റി ചെയ്യുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 5 MLD ശേഷിയുള്ള സ്വിവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചു (ഭരണാനുമതി 19.16 കോടി രൂപ). ഈ മാസം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു. അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 MLD ശേഷിയുള്ള സ്വിവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണമാണ് കേരള ജല അതോറിറ്റി ചെയ്യുന്നത് (ഭരണാനുമതി - 31.92 കോടി രൂപ). STPയ്ക്കായുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള കാലതാമസമാണ് നിർമ്മാണം ആരംഭിക്കാൻ വൈകിയത്. അമൃത് പദ്ധതിയിൽ കൊച്ചിയിൽ എളംകുളത്തു സ്ഥാപിക്കുന്ന 5 MLD STP യുടെ പ്രവർത്തി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവർത്തിക്കു 01/01/2018 - ൽ 13.70 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും (പുതുക്കിയ ഭരണാനുമതി 25.1.2020-ൽ 16.52 കോടി രൂപ) 08/02/2018 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും, 08/02/2018 - ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൽ പങ്കെടുത്ത കരാറുകാർ സാങ്കേതിക രേഖകൾ സമർപ്പിക്കാതിരുന്നതിനാൽ ദർഘാസ് റദാക്കി. 03/12/2018 - ൽ പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ പ്രീക്വാളിഫൈ ചെയ്ത സ്ഥാപനത്തിന് 31/12/2019 - ൽ ദർഘാസ് അനുമതി നല്കുകയും ചെയ്തു. 14/01/2020 - ൽ വർക്ക് ഓർഡർ നൽകി. |

| | | | |
|---|---|---|---|
| | | | എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ പേര് മാറ്റുന്നത് സംബന്ധിച്ചും പ്രവർത്തിയുടെ സെക്യൂരിറ്റി തുക KWA യുടെ മറ്റു പെന്റിങ് ബില്ലുകളിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്നതിനെ സംബന്ധിച്ചും കോടതി വ്യവഹാരം നിലനിന്നിരുന്നതിനാൽ  നിർമ്മാണം വൈകി. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം ഭാഗങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്; കൂടുതൽ നഗരപ്രദേശങ്ങളെ ഉൾപ്പെടുത്തുവാനും ഗാർഹിക സിവറേജ് മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാനും സത്വരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ  5 MLD സ്വിവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചു.  ഈ മാസം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.  അമൃത് പദ്ധതിയിൽ  കൊച്ചി ഏളംകുളത്ത് സ്ഥാപിക്കുന്ന 5 MLD സ്വീവേറേജ് പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു പ്രവൃത്തി 43% പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലത്തെ 12 MLD സ്വിവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുവാനുള്ള നടപടികൾ കേരള ജല അതോറിറ്റി തുടർന്നു വരുന്നു. കൂടുതൽ നഗരപ്രദേശങ്ങളെ ഉൾപ്പെടുത്തുവാനും ഗാർഹിക സിവറേജ് മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാനും വേണ്ടി 28 ULB - കൾക്ക് വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

*<u>അനുബന്ധം</u>*

**<u>സംസ്ഥാനത്ത് മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ലക്ഷ്യംവെച്ച് ആരംഭിച്ചിട്ടുള്ള സ്വിവറേജ് പദ്ധതികളുടെ വിശദാംശങ്ങൾ</u>**

കേരള ജല അതോറിറ്റിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 107 MLD യും കൊച്ചിയിൽ 4.5 MLD യും ശേഷിയുള്ള സ്വിവറേജ് ശുദ്ധീകരണ ശാലകളാണ് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ ലക്ഷ്യം വച്ച് അനുവദിച്ചിട്ടുള്ള ഗുരുവായൂർ അഴുക്കുചാൽ പദ്ധതി നിലവിൽ 95% പൂർത്തീകരിച്ചിട്ടുള്ളതും ശേഷിക്കുന്ന പ്രവൃത്തി കൂടി പൂർത്തീകരിച്ച് 30.09.2021 ന് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ നടപ്പാക്കി വന്ന സീവറേജ് പദ്ധതി ദേശീയ ഹരിത ട്രൈബ്യൂണലിന്റെ സ്റ്റേ ഓർഡർ പ്രകാരം പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുകയും പിന്നീട് ഈ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്യുകയുമുണ്ടായിട്ടുണ്ട്.

ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ കരമന നദിക്കായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെ ഭാഗമായി കേരള ജല അതോറിറ്റി സീവറേജ് ഡിവിഷനിലൂടെ <u>ഉടനെ നടപ്പിലാക്കേണ്ട പദ്ധതികൾ</u> എന്നും <u>ദീർഘകാലത്തിൽ നിർവഹിക്കേണ്ട പദ്ധതികൾ</u> എന്നും തരം തിരിച്ച് പ്രവർത്തികൾ പുരോഗമിയ്ക്കുന്നു.

അമൃത് പദ്ധതിയിൽ 318.30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 116 സ്വിവറേജ് പ്രവൃത്തികളാണ് തിരുവനന്തപുരം, കൊച്ചി, കൊല്ലം കോർപ്പറേഷനുകളിലായി കേരള ജല അതോറിറ്റി നടപ്പിലാക്കുന്നത്. ഇതിൽ 82 പ്രവർത്തികൾ പൂർത്തിയാക്കി. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 5 MLD ശേഷിയുള്ള സ്വിവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചു. 2021 ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു . കൂടാതെ അമൃത് പദ്ധതിയിൽ കൊച്ചി ഏളംകുളത്ത് സ്ഥാപിക്കുന്ന 5 MLD സ്വീവേറേജ് പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു പ്രവൃത്തി 43% പൂർത്തീകരിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൽ കേരള ജല അതോറിറ്റി ചെയ്യുന്ന കൊല്ലത്തെ 12 MLD സ്വിവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭ ഘട്ടത്തിലാണ്.
ADB സഹായത്തോടെ 13.95 കിലോമീറ്റർ പമ്പിംഗ് മെയിനും 22.40 കിലോമീറ്റർ നീളത്തിൽ സീവർ നെറ്റ് വർക്കും സ്ഥാപിയ്ക്കാനുള്ള പ്രവർത്തി 2012-ൽ കരാർ ആയി ആരംഭിച്ചു. ഇതിൽ 7.3 കിലോ മീറ്റർ പമ്പിംഗ് മെയിനും 8 കിലോ മീറ്റർ സ്വിവറേജ് നെറ്റ് വർക്കും സ്ഥാപിച്ചു. ബാക്കിയുള്ള പ്രവർത്തികൾക്കായി അമൃത് പദ്ധതിയിൽ 9.7.2021-ൽ 93.612 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി ടെൻഡർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ സ്റ്റേറ്റ് പ്ലാനിൽ എല്ലാ വർഷവും സ്വിവറേജ് പ്രവർത്തികൾക്കായി കേരള ജല അതോറിറ്റിയ്ക്കു തുക അനുവദിയ്ക്കുന്നുണ്ട്. 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 കാലയളവിൽ യഥാക്രമം 929.45 ലക്ഷം, 1957.53 ലക്ഷം, 726.91, ലക്ഷം, 925.43 ലക്ഷം, 1106.10

ലക്ഷം, 1507.11 ലക്ഷം രൂപയുള്ള സ്വിവറേജ്  പ്രവർത്തികൾക്കാണ് (ആകെ 7152.53 ലക്ഷം രൂപ) കേരള ജല അതോറിറ്റിയ്ക്കു ഭരണാനുമതി നൽകിയിട്ടുള്ളത്.  ഇതിൽ 1485.77 ലക്ഷം രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു.

കൂടാതെ, കേരള ജല അതോറിറ്റിയുടെ 107 MLD മുട്ടത്തറ സ്വിവറേജ് ശുദ്ധീകരണശാല പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുവാനും തിരുവനന്തപുരം കോർപ്പറേഷനിൽ ഇപ്പോൾ സ്വിവറേജ് സിസ്റ്റം നിലവിലില്ലാത്ത പ്രദേശങ്ങളിൽ കൂടി സ്വിവറേജ് നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട്  തയ്യാറാക്കിവരുന്നു.  ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള 28 ULB കൾക്ക് വേണ്ടിയുള്ള സ്വിവറേജ് സംവിധാനത്തിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതും പുരോഗമിച്ചു വരുന്നു.